"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനത്തിലിരിക്കെ ഇൻവാലിഡ് പെൻഷൻ സ്വീകരിക്കുകയും വിരമിക്കൽ തീയതിക്കു മുമ്പ് മരണപ്പെട്ട മാത്യു.റ്റി.ജെ.-യുടെ മകൻ ശ്രീ.സിജോ മാത്യുവിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വയനാട് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കാര്യാലയത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമനം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(കൈ) നം.10/2024/POWER തീയതി,തിരുവനന്തപുരം, 21-12-2024

---

പരാമർശം:-
1. സ.ഉ.(പി) നം. 45/91/പി. & എ.ആർ.ഡി. തീയതി: 30.12.1991.
2. സ.ഉ.(പി) നം. 12/1999/പി. & എ.ആർ.ഡി. തീയതി: 24.05.1999.
3. ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(Ekm) 2106/17, OA(Ekm) 800/18, OA(Ekm) 1133/18, OA(Ekm) 1278/18 എന്നീ കേസുകളിന്മേലുള്ള 29.06.2018-ലെ ഉത്തരവ്.
4. ശ്രീ.സിജോ മാത്യു-ന്റെ 21.10.2020-ലെ അപേക്ഷ.
5. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 30.05.2022, 20.07.2022, തീയതികളിലെ ഇ4-23607/2020/സി.ഇ.ഐ. നമ്പർ കത്തുകൾ.
6. വയനാട് ജില്ലാ കളക്ടറുടെ 19.02.2024-ലെ DCWYD/6756/2022-A8 നമ്പർ കത്ത്.

**ഉത്തരവ്**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ വയനാട് ജില്ലാ കാര്യാലയത്തിൽ 05.08.1994 മുതൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കുകയും 22.11.2016 മുതൽ ഇൻവാലിഡ് പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുമ്പോൾ വിരമിക്കൽ തീയതിയായ 31.10.2024 മുമ്പ് 20.06.2020-ൽ മരണപ്പെട്ട മാത്യു റ്റി.ജെ-യുടെ മകൻ ശ്രീ.സിജോ മാത്യുവിന് സമാശ്വാസ തൊഴിൽദാന പദ്ധതി

പ്രകാരം വയനാട് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കാര്യാലയത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ആശ്രിത നിയമനം നൽകണമെന്ന് പരാമർശം 4) പ്രകാരം അപേക്ഷിച്ചിരുന്നു. ശ്രീ.സിജോ മാത്യു **SSLC Failed** ആണെന്നും അതിനാൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ വയനാട് ജില്ലയിൽ നിയമനം നൽകണമെന്നുമാണ് അപേക്ഷിച്ചിരിക്കുന്നത്.

2) ശ്രീ.സിജോ മാത്യു-ന്റെ അപേക്ഷ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 5)ലെ കത്ത് പ്രകാരം ശുപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു. വയനാട് ജില്ലാ കളക്ടർ പരാമർശം 6) പ്രകാരം ടിയാൾക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് നിയമനം നൽകാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ വയനാട് ജില്ലാ കാര്യാലയത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കുകയും 22.11.2016 മുതൽ ഇൻവാലിഡ് പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുമ്പോൾ വിരമിക്കൽ തീയതിയായ 31.10.2024 മുമ്പ് 20.06.2020-ൽ മരണപ്പെട്ട മാത്യു റ്റി.ജെ-യുടെ മകൻ ശ്രീ.സിജോ മാത്യുവിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ വയനാട് ജില്ലാ കാര്യാലയത്തിലെ നിലവിലുള്ള ഒഴിവിൽ പരാമർശം 2) പ്രകാരം ആശ്രിത നിയമനത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ശ്രീ.സിജോ മാത്യുവിന് നിയമന ഉത്തരവ് നൽകുന്നതിന് മുമ്പ് ടിയാന്റെ പ്രായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ അസ്സൽ, മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ് എന്നിവ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരിശോധിക്കേണ്ടതും പരാമർശം 2)ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ആകെ ആശ്രിത നിയമനങ്ങൾ ഓരോ ജില്ലയിലും ഓരോ വകുപ്പിലും ഓരോ തസ്തികയിലും പ്രതിവർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% -ൽ കൂടുതലാകരുത് എന്ന ബഹു.ഹൈക്കോടതി ഉത്തരവ് പാലിക്കുന്നുവെന്നും ടിയാന് നിയമന ഉത്തരവ് നൽകുന്നതിനുമുമ്പ് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

5) മരണപ്പെട്ട ജീവനക്കാരന്റെ സേവനപുസ്തകത്തിലും ടിയാൻ ജോലി ചെയ്തിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും നിയമനം സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും ഈ രേഖപ്പെടുത്തലുകൾ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പരാമർശം 1)ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കും പ്രകാരം ജീവനക്കാരന്റെ സേവന പുസ്തകത്തിൽ ജനനതീയതി തിരുത്തുന്നത് സംബന്ധിച്ച വ്യവസ്ഥ നിയമനാധികാരി നൽകുന്ന നിയമന ഉത്തരവിലും വ്യക്തമാക്കേണ്ടതാണ്.

6) നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിനും ലഭ്യമാക്കേണ്ടതാണ്.

7) നിയമനത്തിനായുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കപ്പെട്ട വസ്തുതാ വിവരങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെടുന്നപക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ.സിജോ മാത്യൂ, താമരചാലിൽ ഹൗസ്, മക്കിയാട് പി.ഒ., മാനന്തവാടി,
വയനാട്. പിൻ - 670731 (രജിസ്റ്റേർഡ് തപാൽ മുഖേന)
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 10-01-2025 10:41:21

സെക്ഷൻ ഓഫീസർ